(ഡി) ഈ സ്റ്റേറ ഒഴിവാക്കിക്കിട്ടുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു കഴിഞ്ഞു.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

വ്യവസായ തർക്ക നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം

32 [2224] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ തർക്ക നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വ്യവസായ തർക്ക നിയമം ഭേദഗതി ചെയ്യുന്നതിനുള്ള അഭിപ്രായങ്ങൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) വ്യവസായ തർക്ക നിയമം ഭേദഗതി ചെയ്യണമെന്നുള്ള കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) യും (ബി) യും (സി) യും

1990 ഏപ്രിൽ മാസം 21, 22 തീയതികളിൽ ന്യൂഡൽഹിയിൽ ചേർന്ന ഇൻഡ്യൻ ലേബർ കോൺഫറൻസിൽ വ്യവസായ തർക്ക നിയമത്തിനു സമഗ്രമായ ഭേദഗതി വരുത്തിക്കൊണ്ട് 1988 മേയ് മാസം രാജ്യസഭയിൽ അവതരിപ്പിച്ച ദി ട്രേഡ് യൂണിയൻ ആൻറ് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് (ഭേദഗതി) ബിൽ പിൻവലിക്കാനും ഒരു പുതിയ നിയമത്തിനു രൂപം കൊടുക്കാൻ വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്ക് ശ്രീ. ജി. രാമാനുജം പ്രസിഡൻറായി ഒരു ബൈപാർട്ടൈറ് കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചു. അതനുസരിച്ചു രൂപീകൃതമായ രാമാനുജം കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ആ റിപ്പോർട്ടിലുള്ള വിവിധ ശുപാർശകളെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം അയച്ചുകൊടുക്കുവാൻ കേന്ദ്രഗവൺമെൻറാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന ഗവൺമെൻറ് പരിശോധിച്ചു വരികയാണ്.

ഇ.എസ്.ഐ. പദ്ധതിയുടെ നിയന്ത്രണം സംസ്ഥാന ഗവൺമെൻറിൽനിന്നും മാറ്റുന്നതിനുള്ള നിർദ്ദേശം

33 [2225] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. പദ്ധതിയുടെ പൂർണ്ണ നിയന്ത്രണം സംസ്ഥാന ഗവൺമെൻറിൽനിന്നും മാറി ഇ.എസ്.ഐ. കോർപ്പറേഷന്റെ അധീനതയിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly